**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2285** — **17.06.2014 ൽ മറുപടിയ്ക്ക്**

**യുവതലമുറയിൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും സ്വാധീനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) യുവതലമുറയ്ക്കിടയിൽ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും സ്വാധീനം വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഇല്ല. |
| ബി) യുവജനങ്ങളിലെ മദ്യാസക്തിയും ലഹരിമരുന്നുപയോഗവും ഇല്ലാതാക്കുന്നതിന് യുവജനക്ഷേമ ബോർഡ് വഴി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ പദ്ധതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ? | ബി) മദ്യം, മയക്കമരുന്ന്, പുകവലി തുടങ്ങിയ സമൂഹത്തെ കാർന്നുതിന്നുന്ന വിപത്തുകളെ കുറിച്ച് യുവാക്കളെ ബോധവാൻമാരാക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, യൂത്ത് ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ച് വരുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, സംസ്ഥാന എക്സൈസ് വകുപ്പിന്റെയും, നാഷണൽ സർവ്വീസ് സ്കീമിന്റെയും സഹകരണത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും 5 ദിവസം വീതം നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ 84 ലക്ഷം രൂപ (എൺപത്തിനാല് ലക്ഷം) ചെലവിൽ സംഘടിപ്പിച്ചു. പ്രസ്തുത കലാജാഥയുടെ ഭാഗമായി നിർമ്മിച്ച ലഹരിക്കെതിരെയുള്ള സിനിമയായ 'മിസ് ഫിറ്റിന്റെ' പ്രദർശനവും, നാടക പ്രദർശനവും, ലഘുലേഖ വിതരണവും ഇതോടൊപ്പം നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ മദ്യത്തിനും മയക്കമരുന്നിനുമെതിരെ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ എൻ.എസ്.എസ് നെ കൂടി ഉൾപ്പെടുത്തിയാണ് ഇത് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ